## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 455 10.03.15-ലെ മറുപടിക്ക്**

**"ഇ-മാർക്കറ്റിംഗുമായി ബന്ധപ്പെട്ട നികുതി വെട്ടിപ്പ്"**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ. | | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഓൺലൈൻ മാർക്കറ്റിംഗുമായി ബന്ധപ്പെട്ട് നികുതി വെട്ടിപ്പ് നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ? | (എ) | സംസ്ഥാനത്ത് ഓൺലൈൻ മാർഗ്ഗത്തിലൂടെ സാധനങ്ങൾ വാങ്ങുന്ന പ്രവണത വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അന്യ സംസ്ഥാനങ്ങളിൽ കേന്ദ്രീകരിച്ചിരിക്കുന്ന ഇത്തരം സ്ഥാപനങ്ങൾ ഓൺലൈൻ വഴി ഓർഡറുകൾ സ്വീകരിക്കുകയും ഉപഭോക്താക്കൾക്ക് സാധനങ്ങൾ എത്തിക്കുകയുമാണ് ചെയ്യുന്നത്. ഉപഭോക്താക്കളുടെ പേരിൽ ബില്ല് ചെയ്യുവരുന്ന ഇത്തരം സാധനങ്ങൾക്ക് അതാത് സംസ്ഥാനങ്ങളിൽ നിലവിലുള്ള നികുതി ഈടാക്കിയതായാണ് ബില്ലിൽ രേഖപ്പെടുത്തിക്കാണുന്നത്.<br>നിയമപരമായി അന്യ സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് നടത്തുന്ന വില്പന കേന്ദ്ര വില്പന നികുതി നിയമം അനുവദിച്ചിട്ടുള്ളതും ഭരണഘടനാപരമായി തടയുവാൻ ബുദ്ധിമുട്ടുള്ളതുമാണ്. വ്യക്തമായ നിയമത്തിന്റെ അഭാവം ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കുന്നതിൽ ബുദ്ധിമുട്ട് ഉണ്ടാക്കുന്നുണ്ട്. |
| (ബി) | വാണിജ്യ നികുതി വകുപ്പിന്റെ കണക്കുപ്രകാരമുള്ള നികുതി വെട്ടിപ്പ് എത്രയാണ്; | (ബി) | വാണിജ്യ നികുതി വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗം അതിന്റെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ചുമത്തിയ പിഴ സംബന്ധിച്ച വിവരം താഴെ പറയുന്നു. മൊത്തം 65.39 കോടി രൂപ പിഴ ചുമത്തിയിട്ടുണ്ട്.<br>ഫ്ലിപ്കാർട്ട് (47.15 കോടി രൂപ)<br>ജബോംഗ് (3.89 കോടി രൂപ)<br>വെക്റ്റർ ഇ കൊമേഴ്സ് (2.23 കോടി രൂപ) |

| | | | |
|---|---|---|---|
| | | | റോബ്മാൾ (0.36 കോടി രൂപ)<br>ബ്ലൂഡാർട്ട് DHL എക്സ് പ്രസ്സ് (9.09 കോടിരൂപ)<br>ഇൻഡ്യ ഓൺലൈൻ എക്സ് പ്രസ്സ് (പി) ലിമിറ്റഡ് (2.67 കോടി രൂപ)<br>ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഫ്ലിപ്കാർട്ടിൽ നിന്നും പിഴ ഈടാക്കുന്ന-തിന് താൽക്കാലിക സ്റ്റേ അനുവദിച്ചിട്ടുണ്ട്. |
| (സി) | ഓൺലൈൻ മാർക്കറ്റിംഗുമായി ബന്ധപ്പെട്ട നികുതി വെട്ടിപ്പ് തടയുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | അന്യ സംസ്ഥാനങ്ങളിൽ നിന്നും നിയമപരമായി കേരളത്തിലേക്ക് നടത്തുന്ന വില്പന കേന്ദ്ര വില്പന നികുതി നിയമം അനുവദിച്ചിട്ടുള്ളതാണ്. അത്തരം വ്യാപാരങ്ങൾ തടയുവാൻ ഭരണഘടനാപരമായി ബുദ്ധിമുട്ടുണ്ട്. അന്തർ സംസ്ഥാന വില്പന ഒരു കേന്ദ്ര വിഷയവുമാണ്. ഓൺലൈൻ വ്യാപാരത്തെക്കുറിച്ച് നിയമത്തിൽ അവ്യക്തത നിലനിൽക്കുന്നുണ്ട്. എന്നാൽ ഓൺലൈൻ വില്പന പ്രക്രിയയുടെ ചില വസ്തുതകൾ പരിശോധിച്ച് അതു സംസ്ഥാനത്തിനകത്തെ വില്പനയായി പരിഗണിക്കേണ്ടതാണെന്നും നികുതി ബാധ്യത ഉണ്ടെന്നും കാണിച്ച് വാണിജ്യ നികുതി വകുപ്പ് ഇത്തരം സ്ഥാപനങ്ങൾക്ക് പിഴ ചുമത്തി വരുന്നുണ്ട്. |

സെക്ഷൻ ആഫീസർ.